മഹദ് ടി, കൊല്ലം ഇസ്‌ലാമിയ കോളേജ്

# ഖുര്‍ആന്‍ പഠനത്തിന്റെ പ്രാധാന്യവും പദവിയും

**عَنْ عَائِشَةَ رَضِيَ اللَّهُ عنها قَالَتْ: قَالَ رَسُولُ اللَّهِ ﷺ الّذى يَقْرَأُ الْقُرْآنَ وَهُوَ ماهِرٌ بِهِ مَعَ السَّفَرَةِ الْكِرَامِ الْبَرَرَةِ وَالّذِى يَقْرَأُ الْقُرْآنَ وَيَتَتَعْتَعُ فِيهِ وَهُوَ عَلَيْهِ شَاقٌّ لَهُ أَجْرَانِ (متفق عليه)**

**റസൂല്‍ (സ) പറഞ്ഞു: വിശുദ്ധ ഖുര്‍ആനില്‍ അഗാധപാണ്ഡിത്യം നേടി അത് പാരായണം ചെയ്യുന്നവന്‍ പുണ്യാത്മാക്കളും സര്‍വാദരണീയരും സന്ദേശവാഹകരുമായ മലക്കുകള്‍ക്കൊപ്പമാണ്. വളരെ പ്രയാസപ്പെട്ട് തപ്പിത്തടഞ്ഞ് ഖുര്‍ആന്‍ പാരായണം ചെയ്യുന്നവനുമുണ്ട് രണ്ടു പ്രതിഫലം (ബുഖാരി, മുസ്‌ലിം).**

ഖുര്‍ആന്‍ പാരായണത്തെക്കുറിച്ചും പഠനത്തെക്കുറിച്ചും നബി(സ) ധാരാളം സന്ദര്‍ഭങ്ങളില്‍ പരാമര്‍ശിച്ചിട്ടുണ്ട്. അതിനാല്‍, ഖുര്‍ആന്‍ പഠിക്കേണ്ടത് നമ്മുടെ നിര്‍ബന്ധ ബാധ്യതയാണ്. അതിലൂടെ മാത്രമേ സന്മാര്‍ഗം പ്രാപിക്കുകയുള്ളൂ. ഒരുവനെ ഏറ്റവും ഉത്തമനാക്കുന്നത് ഖുര്‍ആനാകുന്നു. അവന്‍ അത് ഗ്രഹിച്ച് അത് പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരുമ്പോള്‍ അവന്റെ ജീവിതം സംശുദ്ധമായി തീരുന്നു. നബി (സ) പറഞ്ഞു: “നിങ്ങളില്‍ ഏറ്റവും ഉത്തമന്‍ ഖുര്‍ആന്‍ പഠിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നവനാകുന്നു.” (ബുഖാരി)

ഖുര്‍ആന്‍ പാരായണത്തിന്റെ മഹത്വങ്ങള്‍ ഏറെയാണ്. അതിലെ ഓരോ അക്ഷരവും വാക്കും വാക്യവും പ്രധാനപ്പെട്ടതാണ്. അത് ഗ്രഹിക്കുന്നവന്റെ ഇഹലോക ജീവിതവും പരലോക ജീവിതവും സമാധാനവും ശാന്തിയും നിറഞ്ഞതായിരിക്കും. ഖുര്‍ആന്‍ ഇരുലോകത്തും അത് വായിക്കുന്നവന് ഗുണകാംക്ഷിയായിത്തീരും.

റസൂല്‍ (സ) പറയുന്നു: “ഖുര്‍ആനിലെ ഒരക്ഷരം വല്ലവനും പാരായണം ചെയ്യുന്ന പക്ഷം അവന് ഒരു നന്മ ലഭിക്കും. ഏതൊരു നന്മക്കും പത്തിരട്ടിയാണ് പ്രതിഫലം. ‘അലിഫ്’ ഒരക്ഷരവും ‘ലാം’ ഒരക്ഷരവും ‘മീം’ മറ്റൊരക്ഷരവും ആകുന്നു.” (തിര്‍മിദി)

ഈ ഹദീസിലൂടെ നബി (സ) ഖുര്‍ആന്‍ പാരായണം ചെയ്യുന്നവര്‍ക്ക് അല്ലാഹുവിങ്കല്‍ നിന്നുള്ള അളവറ്റ പ്രതിഫലം വാഗ്ദാനം ചെയ്ത് പ്രചോദനം നല്‍കുകയാണ്. മലക്കുകള്‍ സദാ അല്ലാഹുവിന് സ്തുതി കീര്‍ത്തനങ്ങളര്‍പ്പിച്ച് അവന്റെ സാമീപ്യം നേടിയവരാണ്. അവരില്‍ യാതൊരു കളങ്കവുമില്ല. അവരോടൊപ്പമാണ് ഖുര്‍ആന്‍ ആശയം ഗ്രഹിച്ച് പാരായണം ചെയ്യുന്നവര്‍ എന്നാണ് നബി (സ) പഠിപ്പിക്കുന്നത്.

ഉള്ളില്‍ ഖുര്‍ആനില്ലാത്തവന്റേത് ദുഷിച്ച മനസ്സായിരിക്കും. നബി (സ) പറഞ്ഞു: “ഖുര്‍ആനില്ലാത്തവന്റെ മനസ്സ് ആള്‍പ്പാര്‍പ്പില്ലാത്ത വീട് പോലെയാണ്. ആള്‍പ്പാര്‍പ്പില്ലാത്ത വീട് എത്രമാത്രം വൃത്തിഹീനമായി കിടക്കുന്നുവോ അത്രമാത്രം തന്നെ വൃത്തിഹീനമായിരിക്കും ഖുര്‍ആനില്ലാത്തവന്റെ മനസ്സും. ആ വീട്ടില്‍ എത്രമാത്രം ഉപദ്രവകരമായ വസ്തുക്കള്‍ ഉണ്ടാകുമോ അത്രമാത്രം തന്നെ ഉപദ്രവകരമായ കാര്യങ്ങള്‍ പേറിനടക്കുന്നവനായിരിക്കും ഉള്ളില്‍ ഖുര്‍ആനില്ലാത്തവന്‍.”

അബൂഉമാമ(റ)യില്‍ നിന്ന്: റസൂല്‍ (സ) പറഞ്ഞതായി ഞാന്‍ കേട്ടു: “നിങ്ങള്‍ ഖുര്‍ആന്‍ പാരായണം ചെയ്യണം. പാരായണം ചെയ്യുന്നവര്‍ക്ക് അന്ത്യനാളില്‍ അത് ശിപാര്‍ശകനായി എത്തുന്നതാണ്” (മുസ്‌ലിം).

മനുഷ്യന് മാര്‍ഗദര്‍ശകമായി അവതീര്‍ണമായ ഖുര്‍ആന്‍ പാരായണം ചെയ്യുന്നവന് അല്ലാഹു അര്‍ഹമായ പ്രതിഫലം നല്‍കുന്നതാണ്. നന്നായി പാരായണം അറിയാത്തവന് അത് പ്രയാസപ്പെട്ട് പാരായണം ചെയ്യുമ്പോള്‍ രണ്ട് പ്രതിഫലം ലഭിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഒന്ന്, പാരായണം ചെയ്തതിന്. മറ്റേത് പാരായണം ചെയ്യാന്‍ ക്ലേശിച്ചതിനും. ഇത്തരം ഓരോ നന്മയും പുണ്യപ്രവൃത്തിയും അവന് നാളെ വന്‍ മുതല്‍ക്കൂട്ടായി മാറും. അത് പഠിച്ച് ഗ്രഹിച്ച ശേഷം അതിന്റെ വിധിവിലക്കുകള്‍ മറ്റുള്ളവര്‍ക്ക് കൂടി അറിയിച്ചുകൊടുക്കേണ്ടത് ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്. അത്തരം വിശ്വാസികളാണ് ഉത്തമരെന്നും നബി(സ) പറഞ്ഞു. ഖുര്‍ആന്‍ പാരായണം ചെയ്യുന്നവന്റെ മേല്‍ അല്ലാഹു ശാന്തിയുടെയും സമാധാനത്തിന്റെയും മലക്കുകളെ ഇറക്കുമെന്നും അവര്‍ പാരായണം ചെയ്യുന്നവന് വേണ്ടി അല്ലാഹുവിനോട് പ്രാര്‍ഥിക്കുമെന്നും ഹദീസുകളില്‍ വന്നിട്ടുണ്ട്. ഖുര്‍ആന്‍ പാരായണം ചെയ്യുകയും അതിലെ നിര്‍ദ്ദേശങ്ങളനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവര്‍ സദ്‌വൃത്തരാണ് എന്ന് ഖുര്‍ആന്‍ പരലോകത്ത് സാക്ഷി പറയുകയുംചെയ്യും. ഖുര്‍ആനനുസരിച്ച് ജീവിക്കുന്നവര്‍ക്ക് വന്‍പ്രതിഫലമാണ് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതെങ്കില്‍, അതവഗണിച്ച് ജീവിച്ചവരെ കാത്തിരിക്കുന്നത് കത്തിയാളുന്ന നരകമായിരിക്കും.

നബി (സ) പറഞ്ഞു: “നിശ്ചയം അല്ലാഹു ഖുര്‍ആന്‍ മുഖേന ചിലരെ ഉയര്‍ത്തുകയും ചിലരെ താഴ്ത്തുകയും ചെയ്യും.” (മുസ്‌ലിം) ■